ഇ.എസ്5/42521/2019/ആ.വ.ഡ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
തീയതി: 10/07/2019

# നോട്ടീസ്

വിഷയം:- ആ.വ.ഡ – ശ്രീമതി. ഷീല ബീവി. പി. ഐ, JPHN Gr. I സീനിയോറിറ്റി പട്ടികയിലെ സ്ഥാനം പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച്-

സൂചന :- കത്ത് നമ്പർ എ3-10935/18/ജി.മെ.ആ(ആ) ഇടുക്കി, തീയതി. 12.06.2019

ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്ക് ആശുപത്രിയിൽ JPHN Gr. I ആയി ജോലി ചെയ്തുവരുന്ന ശ്രീമതി. ഷീലാബീവി. പി. ഐ ഉത്തരവ് നമ്പർ D6-635/81/KPSC, KKD തീയതി. 17.04.1993 പ്രകാരം 10.06.1993 ൽ കോഴിക്കോട് ജില്ലയിൽ JPHN Gr. II ആയി ജോലിയിൽ പ്രവേശിച്ച് തുടർന്നുവരവെ ഉത്തരവ് നമ്പർ. RI(4)99/89/Dated: 18/10/1993, KPSC TCR പ്രകാരം 01.12.1993 ൽ തൃശ്ശൂർ ജില്ലയിൽ ജോലിയിൽ പ്രവേശിച്ചു. തൃശ്ശൂർ ജില്ലയിൽ നിന്നും അന്തർജില്ലാ സ്ഥലംമാറ്റം നേടി ഇടുക്കി ജില്ലയിൽ 11.06.1996 ൽ ജോലിയിൽ പ്രവേശിച്ചു.

15.05.2007 ൽ പ്രസിദ്ധീകരിച്ച ഉത്തരവ് നമ്പർ. FW(Spl. Cell) 94660/06/DHS പ്രകാരമുള്ള 28.04.1975 മുതൽ 30.01.1994 വരെയുള്ള കാലയളവിലെ JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ടിയാൾക്ക് ആദ്യ പി. എസ്. സി നിയമനം ലഭിച്ച കോഴിക്കോട് പി. എസ്. സി നിയമന ഉത്തരവ് പ്രകാരം ടിയാളെ ഉൾപ്പെടുത്തി റാങ്ക് നമ്പർ. 3382 -)൦ സ്ഥാനവും ഇതിനാനുപാതികമായി JPHN Gr. I സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ. 3926 -)൦ സ്ഥാനവും ലഭിച്ചു. പ്രസ്തുത JPHN Gr. II സീനിയോറിറ്റി പട്ടികയിലെ സ്ഥാനം കണക്കാക്കി 01.01.2000 തീയതിയിൽ പ്രമോഷൻ നിശ്ചയിച്ച് JPHN Gr. I ആയി പ്രമോഷനും നൽകപ്പെട്ടു.

മേൽ സൂചന പ്രകാരമുള്ള ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ മുഖേനയുള്ള ടിയാളുടെ അപേക്ഷയിന്മേൽ വിശദമായ പരിശോധന നടത്തിയതിൽ ടിയാൾക്ക്, JPHN Gr. II സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ക്രമമല്ലെന്നും തൃശ്ശൂർ ജില്ലയിൽ നിന്ന് ഇടുക്കി ജില്ലയിലേക്ക് 11.06.1996 ൽ അന്തർജില്ലാ സ്ഥലംമാറ്റം നേടിയ തീയതി കണക്കാക്കി 10.08.2009 ൽ പ്രസിദ്ധീകരിച്ച 21.01.1994 മുതൽ 31.12.2006 വരെയുള്ള കാലയളവിലെ JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിലാണ് ടിയാളെ ഉൾപ്പെടുത്തേണ്ടത് എന്ന് ബോധ്യപ്പെട്ടു.

ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ 15.05.2007 ൽ പ്രസിദ്ധീകരിച്ച JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ. 3382 ഉം ഇതിനാനുപാതികമായി നൽകിയ JPHN Gr. I ലെ റാങ്ക് നമ്പർ 3926 ഉം റദ്ദ് ചെയ്യുവാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. ഇതിനുപകരം 10.08.2009 ൽ പ്രസിദ്ധീകരിച്ച 21.01.1994 മുതൽ 31.12.2006 വരെയുള്ള JPHN Gr. II ജീവനക്കാരുടെ

സീനിയോറിറ്റി പട്ടികയിൽ 428 (എ) റാങ്ക് നമ്പർ സ്ഥാനവും 06.12.2018 ൽ പ്രസിദ്ധീകരിച്ച 06.05.2000 മുതൽ 31.07.2017 വരെയുള്ള JPHN Gr. I ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 320 (എ) സ്ഥാനവും താൽക്കാലികമായി നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

വിശദവിവരം താഴെ ചേർക്കുന്നു

| Sl. No | Name | Date of Birth | Qualification | Date of Joining | Date of assigning for Seniority | PSC Advice No, Date & Order No. | Date assigned for promotion as JPHN Gr.I | Existing Rank No. in Seniority list | | Proposed Rank No. in Seniority list | | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | JPHN Gr.II | JPHN Gr.I | JPHN Gr.II | JPHN Gr.I | |
| 1 | Sheela Beevi. P. I | 2.3.1965 | SSLC/ ANM | 11.6.1996 | 11.06.1996 | RI(4)99/89, Dt: 18.10.93/KPSC,TSR | 1.6.2000 | 3382 | 3926 | 428(A) | 320(A) | |

പ്രസ്തുത നടപടിയ്ക്കെതിരെ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം രേഖാമൂലമോ ഇ-മെയിൽ (essectiondhs@gmail.com) മുഖേനയോ ഉചിതമാർഗ്ഗേന ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നടപടിയിൽ ആക്ഷേപങ്ങളൊന്നുമില്ലായെന്ന നിഗമനത്തിൽ അന്തിമ തീർപ്പ് കൽപ്പിക്കുന്നതാണ്.

ഒപ്പ്/-

ഡോ. സെമീറ എ.

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്

ശ്രീമതി. ഷീല ബീവി. പി. ഐ
JPHN Gr. I, താലൂക്കാശുപത്രി, പീരുമേട്, ഇടുക്കി
(മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ് മുഖേന)

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്